**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.4079/2017/തസ്വഭവ തീയതി,തിരുവനന്തപുരം,18/12/2017**

---

പരാമർശം :
1. സ.ഉ(അച്ചടി) നം. 28/2016/ധന, തീയതി, 26.02.2016
2. സ.ഉ(അച്ചടി) നം. 56/2017/ധന, തീയതി, 28.04.2017
3. സ.ഉ(സാധാ) നം. 286/2017/തസ്വഭവ, തീയതി, 02.02.2017
4. സ.ഉ(സാധാ) നം. 1959/2017/തസ്വഭവ, തീയതി, 13.06.2017
5. പഞ്ചായത്ത് ഡയറക്ടറുടെ 23.10.2017 ലെ ഇ 9-31581/17 നം. കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിലെ ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം 675/- രൂപയായി 01.04.2016 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത വർദ്ധിപ്പിച്ച വേതനം എല്ലാ നഗരസഭകളിലേയും ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ബാധകമാക്കി പരാമർശം (4) പ്രകാരം ഉത്തരവായി. നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത ജോലിയുടെ സ്വഭാവവും ഉത്തരവാദിത്തവും സമാനമാണെങ്കിലും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം വർദ്ധിപ്പിച്ചിട്ടില്ലെന്നും ജോലിയുടെ സമാന സ്വഭാവം, സമാന ഉത്തരവാദിത്തം, സമാന നിയമനരീതി, സമാന സേവനം പ്രദാനം ചെയ്യൽ എന്നിവ പരിഗണിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ സമാന ജോലി ചെയ്യുന്നവർക്കും മുൻകാല പ്രാബല്യത്തിൽ വേതന വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (5)

പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു. കൂടാതെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസ വേതനം 01.4.2017 മുതൽ 710/- രൂപയായി വർദ്ധിപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ് / ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസ വേതനം പരാമർശം (1),(2) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 01.04.2016 മുതൽ 675/- രൂപയായും 01.04.2017 മുതൽ 710/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/123/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ